# 4

# ദൈവത്തിന്റെ മാതൃക പിൻപറ്റൽ

## (1 തിമൊഥെയൊസ് 4)

*"ഇതു സഹോദരന്മാരെ ഗ്രഹിപ്പിച്ചാൽ, നീ അനുസരിച്ച വിശ്വാസത്തിന്റെയും സദുപദേശത്തിന്റെയും വചനത്താൽ പോഷണം ലഭിച്ചു, ക്രിസ്തു യേശുവിന്നു നല്ല ശുശ്രൂഷകൻ ആകും" (1 തിമൊഥെയൊസ് 4:6).*

അദ്ധ്യായം 3-ൽ വിവരിച്ച അദ്ധ്യക്ഷന്മാരുടെ ആവശ്യം അവതരിപ്പിക്കുകയാണ് അദ്ധ്യായം 4-ൽ. വിശുദ്ധന്മാരെ ഒന്നിച്ചു നിർത്തുവാൻ നേതൃത്വം ഇല്ലെങ്കിൽ (നോക്കുക എബ്രായർ 13:7), പിശാചിന്റെ ശിഷ്യന്മാർ സഭയിൽ പ്രവേശിച്ചു ശിഷ്യന്മാരെ പുറത്തുകൊണ്ടു പോകും (ശ്രദ്ധിക്കുക യോഹന്നാൻ 8:43-45; 2 കൊരിന്ത്യർ 11:13-15; റോമർ 16:17, 18). ദൈവവചനത്തിൽ നിന്നു ആത്മാക്കളെ അകറ്റി വലിച്ചുകൊണ്ടുപോകുന്ന പരാജയമുള്ള ദുരുപദേഷ്ടാക്കളിൽ നിന്നു അദ്ധ്യായം 4 നാടകീയമായി കടന്നുപോകുന്നത് (4:1-5) നഷ്ടപ്പെടുന്ന ആത്മാക്കളെ ദൈവവചനത്താൽ ഉയർത്തി, അവരെയും കേൾക്കുന്നവരെയും രക്ഷിക്കുന്ന, ഊർജ്ജസ്വലരായ സുവിശേഷകന്മാരിലേക്കാണ് (4:12-16). ആ മാറ്റം സംഭവിക്കുന്നത് "പത്ഥ്യോപദേശത്താലുള്ള" പോഷണത്താലാണ് (4:6-8) അത് അനുസരണത്തോടെ പ്രദർശിപ്പിച്ചിരിക്കുന്നത് അപ്പൊസ്തലന്മാരുടെ മാതൃകയാലാണ് (4:9-12). അങ്ങനെ ഈ അദ്ധ്യായം ദൈവവചനത്തിന്റെ ആവശ്യകതയെയും അതു എങ്ങനെ ഉപയോഗിക്കണം എന്നും കാണിച്ചിരിക്കുന്നു.

**പാഠം 10: സ്വമത ത്യാഗ പദ്ധതി (4:1-5)**

### അവരുടെ ഓട്ടത്തിന്റെ തീർച്ച (വാ. 1)

അദ്ധ്യായം 4 ന്റെ തുടക്കത്തിൽ തന്നെയുള്ള ആദ്യ വാക്കായ - "എന്നാൽ" - സൂചിപ്പിക്കുന്നത് പൗലൊസ് നല്ല സ്വഭാവമുള്ള നല്ല മനുഷ്യരിൽ നിന്നു (അദ്ധ്യായം 3-ൽ) "ഭൂതങ്ങളുടെ ഉപദേശം" ഉള്ള മോശ

മായ ആളുകളിലേക്കു വിഷയം മാറ്റുന്നതായിട്ടാണ് (4:1).

പരിശുദ്ധാത്മാവു "തെളിവായി" പറഞ്ഞിരിക്കുന്നതുകൊണ്ടു, നാം ആ മുന്നറിയിപ്പു ശ്രദ്ധിക്കണം. അതങ്ങനെ സംഭവിക്കും എന്നുള്ളതുകൊണ്ട്, നാം അതു അറിയുകയും വിശ്വസിക്കയും വേണം. സത്യം പറയുവാൻ അവകാശപ്പെട്ട ആളുകൾ അകന്നുപോവുന്നതും അസത്യം പറയുന്നതും എത്ര ഖേദകരമാണ്! നിഷ്ക്കളങ്കരായ ആത്മാക്കൾ പരിശുദ്ധാത്മാവിന്റെ മുന്നറിയിപ്പു കേൾക്കാതിരിക്കുന്നതും എന്നാൽ പിശാചിന്റെ വഴികളെ കൈക്കൊള്ളുന്നതും ഇരട്ടി പരിതാപകരമാണ് (1 യോഹന്നാൻ 4:1; മത്തായി 24:23–26; പ്രവൃത്തികൾ 17:11).

ഇതു സംഭവിക്കുന്നതു "ഭാവി കാലത്താണ്" എന്നു പൗലൊസ് പറഞ്ഞു. അവൻ തിമൊഥെയൊസിനെ മുന്നറിയിച്ചു പറഞ്ഞു, "അതു ഇപ്പോൾ സംഭവിക്കുന്നതായി നീ കാണുകയില്ല, എന്നാൽ അതിനായി കാത്തിരിക്കുക - കാരണം അതു സംഭവിക്കുക തന്നെ ചെയ്യും!" "ചിലർ വിശ്വാസത്തിൽ നിന്നു വീണു പോകും"[1] എന്നും ആത്മാവു പറഞ്ഞു. "വീണു പോകും"[2] എന്ന പദത്തിന്റെ തർജ്ജിമയുടെ നിർവ്വചനത്തിൽ അതു വിവിധ രീതികളിൽ സംഭവിക്കാമെന്നു പറഞ്ഞിരിക്കുന്നു. അംഗങ്ങൾ പുറകോട്ടു മാറി, പിൻമാറി, എവിടെയെങ്കിലും പോകുവാൻ തുടങ്ങുമ്പോൾ, അല്ലെങ്കിൽ അവർക്ക് ഇളകി പോകുവാനിടയുള്ള വിശ്വാസമാണുള്ളതെങ്കിൽ, *കാത്തിരിക്കുക* - കാരണം "വീണുപോകൽ" ആരംഭിച്ചിരിക്കുന്നു!

### ആ ഓട്ടത്തിനുള്ള കാരണം (വാ. 1, 2)

അംഗങ്ങൾ "വഞ്ചനാത്മാക്കളെയും" (വക്രബുദ്ധിയുള്ള ജന്തുക്കൾ) "ഭൂതങ്ങളുടെ ഉപദേശങ്ങളെയും" (ദുഷിച്ച ഉടമ്പടി) ശ്രദ്ധിക്കുവാൻ തുടങ്ങുമ്പോൾ സൂക്ഷിക്കണം. ഇത്തരം വഞ്ചിക്കുന്ന[3] പ്രവൃത്തി ചെയ്യുന്നവരുടെ സ്വഭാവത്തെ ശ്രദ്ധിക്കുക. അവർ "സ്വന്ത മനസാക്ഷിയിൽ ചൂടുവെച്ച ഭോഷ്ക്ക് പറയുന്നവരായി" ആളുകളെ കുരുക്കുന്നു (4:2). അവർ പലപ്പോഴും ഒരു ഇടവകയിൽ നിന്നു മറ്റൊന്നിലേക്കു പോയി, ആളുകളെ മറിച്ചു കളകയും സഭയെ ചിലപ്പോൾ ഭിന്നിപ്പിക്കയും ചെയ്യും!

അവർ "ഭൂതങ്ങളുടെ ഉപദേശത്തെ" പ്രോത്സാഹിപ്പിക്കുന്നതുകൊണ്ടാണ് അവർ കൂടുതൽ സ്വാധീനമുള്ളവർ ആകുന്നത്. "ഭൂതങ്ങൾ"[4] എന്നതിന്റെ തർജ്ജിമയ്ക്ക് "പ്രതിഭ" എന്നും അർത്ഥമുണ്ട് എന്നുള്ള വസ്തുത വിശദീകരിക്കുന്നത് ഉപദേഷ്ടാക്കന്മാരിൽ നിന്നു സത്യം മാത്രം പ്രതീക്ഷിക്കുന്ന സംശയമില്ലാത്ത നിഷ്ക്കളങ്കരായ ആത്മാക്കളെ കെണിയിലകപ്പെടുത്തിക്കൊണ്ട്, എന്തുകൊണ്ട് ആ ഉപദേശങ്ങൾ ഇത്ര വഴിതെറ്റിക്കുന്നതാകുന്നു എന്നതാണ് (1 പത്രൊസ് 2:1–3; റോമർ 16:17, 18). നമ്മുടെ കാലയളവിൽ വളരെ ലാഘവത്തോടെ പറയുന്നതാണ്, "അതു പിശാചു എന്നെ കൊണ്ടു ചെയ്യിച്ചു," എന്നത് ഒരുപക്ഷെ ചിലർ സമ്മതിക്കുന്നതിനേക്കാൾ അടുത്ത സത്യമാകാം. അതു സത്യമാണെങ്കിൽ പോലും, യോഹന്നാൻ 8:44 ലെ ക്രിസ്തുവിന്റെ നിരീക്ഷണം ഓർമ്മിക്കുക: "നിങ്ങൾ പിശാചെന്ന പിതാവിന്റെ മക്കൾ, *നിങ്ങളുടെ പിതാവിന്റെ മോഹങ്ങളെ ചെയ്‌വാനും ഇച്ഛിക്കുന്നു.* ... അവൻ ഭോഷ്ക്ക് പറയു

മ്പോൾ, സ്വന്തത്തിൽ നിന്നു എടുത്തു പറയുന്നു; അവൻ ഭോഷ്ക്ക് പറയുന്നവനും, അതിന്റെ അപ്പനും ആകുന്നു." (എംഫസിസ് മൈൻ.) നാം സാത്താന്റെ വഞ്ചിക്കുന്ന സ്വാധീനത്തിന് കീഴ്പ്പെടുമ്പോൾ, അങ്ങനെ ചെയ്യുന്നത് അപ്പോഴും *നമ്മുടെ സ്വന്തം ഇഷ്ടം* അല്ലെങ്കിൽ തീരുമാനപ്രകാരമാണ്.

### അശുദ്ധി എടുത്തു പറഞ്ഞിരിക്കുന്നു (വാ. 3-5)

വീണു പോകുന്നവരേയും, വിവാഹം വിലക്കുന്നവരേയും, (നോക്കുക എബ്രായർ 13:4; 1 കൊരിന്ത്യർ 9:5; എഫെസ്യർ 5:23-31) ചില ഭക്ഷണങ്ങൾ[5] വർജ്ജിക്കേണം എന്നു കല്പിക്കുന്നവരേയും ചെറുക്കുവാൻ പൗലൊസ് ക്രിസ്ത്യാനികളെ തയ്യാറാക്കി. അതു അത്ഭുതാവഹമാണ് - ആ പ്രവചനത്തിന്റെ വെളിച്ചത്തിൽ, പക്ഷെ അതിശയിപ്പിക്കുന്നതല്ല - കാരണം ഈ രണ്ടു പരിശീലനങ്ങളും വിവിധ സാമൂഹികവും മതപരവുമായ മേഖലകളിൽ ഇന്നുവരെ തുടരുന്നു. ഈ തെറ്റുകൾ ആരംഭത്തിൽ കടന്നു വന്നതിനെ കുറിച്ചു ബാർക്ക്ലേ പറയുന്നു:

> ഐറേനിയസ്, രണ്ടാം നൂറ്റാണ്ടിന്റെ അവസാനത്തിൽ എഴുതുമ്പോൾ, സാറ്റർണിനസിന്റെ ചില ശിഷ്യന്മാർ "വിവാഹവും തലമുറയും സാത്താനിൽ നിന്നാണ് എന്നു പ്രഖ്യാപിക്കുന്നതു എങ്ങനെ എന്നു പറയുന്നു. പലരും അതുപോലെ മൃഗമാംസം സ്വയം വേണ്ടെന്നു വയ്ക്കുകയും, ഇത്തരം മിതഭക്ഷണവും പറഞ്ഞു അനേകം പുരുഷാരത്തെ വലിച്ചിഴച്ചു" (ഐറേനിയസ്, *എഗെയിൻസ്റ്റ് ഹെരെസിസ്*, I, 24, 2). ഇതു നാലാം നൂറ്റാണ്ടിലെ സന്യാസിവര്യൻമാരുടെ തലയിൽ ഉദിച്ചതാണ്. അവർ പോയി, മിസ്രയിം മരുഭൂമിയിൽ സകല മനുഷ്യരിൽ നിന്നു വിട്ടു മാറി കഴിഞ്ഞു. ജഡത്തെ പീഡിപ്പിച്ചുകൊണ്ട് അവർ തങ്ങളുടെ ജീവിതം നയിച്ചു. ഒരാൾ ഒരിക്കലും പാചകം ചെയ്ത ഭക്ഷണം കഴിക്കാതെ "മാംസമില്ലായ്മ"[6] ക്കു അയാൾ പ്രസിദ്ധനായി.

*അപ്പൊസ്തലിക കാനോനിൽ* അതു തെളിവായി പറയുന്നതുപോലെ ആദ്യ ക്രിസ്ത്യാനികളിൽ ചിലർ ഈ ഉപദേശങ്ങൾക്കെതിരെ ശക്തമായ നിലപാടു എടുത്തിരുന്നു (#51):

> ഏതെങ്കിലും ഒരു മേൽവിചാരകനോ, പുരോഹിതനോ ശുശ്രൂഷകനോ, അല്ലെങ്കിൽ പൗരോഹിത്യ ലിസ്റ്റിൽ വരുന്ന ആരായാലും, വിവാഹത്തിൽ നിന്നും മാംസത്തിലും വീഞ്ഞിലും നിന്നും സ്വയംവിട്ടുനിൽക്കുന്നത്, കഠിനവൃതത്താലല്ല (അതായതു, അച്ചടക്കത്തിനുവേണ്ടി), എന്നാൽ അവയെ തിന്മയുള്ളതായി സ്വയം വെറുക്കുന്നതുകൊണ്ടാണ്, എല്ലാം നല്ലതാണെന്ന കാര്യവും, മനുഷ്യരെ പുരുഷനായും സ്ത്രീയായും സൃഷ്ടിച്ചത് ദൈവമാണെന്നും മറക്കുകയും, എന്നാൽ ദൈവത്തിന്റെ കരവിരുതിനെ ദുഷിക്കുകയാണെങ്കിൽ, ഒന്നുകിൽ അയാൾ നന്നാവാൻ ശ്രമിക്കുക,

അല്ലെങ്കിൽ അയാളെ അധികാരത്തിൽ നിന്നു നീക്കി സഭയ്ക്കു പുറത്താക്കാൻ ശ്രമിക്കുക.[7]

അത്തരം സുഖാനുഭവ വർജ്ജനത്തിലെ യഥാർത്ഥ തെറ്റ് ഈ മുന്നറിയിപ്പു കാണിച്ചുതരുന്നു. ദൈവം മനുഷ്യനെ ഉണ്ടാക്കിയതു ജഡത്തിലാണ്, ദൈവം ചെയ്തതെല്ലാം നല്ലതു എന്നു കാണുകയും പ്രഖ്യാപിക്കുകയും ചെയ്തു. മനുഷ്യരെ ദൈവം തന്റെ സാദൃശ്യത്തിലുമാണ് സൃഷ്ടിച്ചത് (ഉല്പത്തി 1:26, 27). ദൈവം വിവാഹവും സ്ഥാപിച്ചു അതു നല്ലതു എന്നു പറഞ്ഞു (ഉല്പത്തി 2:18–24). ഭൂത – ശ്വാസിയ പൗരോഹിത്യ കല്പനയാലോ വിഡ്ഢിത്തമായ താപസവൃത്തിയാലോ അല്ല, ദൈവം യോജിപ്പിച്ചതിനെ, *മനുഷ്യൻ വേർപിരിക്കരുത്.* കൂടാതെ, ദൈവം ആരംഭത്തിൽ പറഞ്ഞു, "ഭൂചരജന്തുക്കളൊക്കെയും നിങ്ങൾക്കു ആഹാരമായിരിക്കട്ടെ" (ഉല്പത്തി 9:3). ദൈവം ശുദ്ധീകരിച്ചു കല്പിച്ചതായ ആഹാര പദാർത്ഥത്തെ, നാം അശുദ്ധമെന്നോ സാധാരണമെന്നോ പറഞ്ഞു വർജ്ജിക്കേണ്ടതില്ല (പ്രവൃത്തികൾ 10:12–16, 28). അതുകൊണ്ടു, നാം ദൈവത്തെ അനുസരിക്കുമോ അതോ മനുഷ്യരെ അനുസരിക്കുമോ എന്നതാണ് ചോദ്യം. അത്തരം കാര്യങ്ങളിലെല്ലാം, റോമർ 3:4 നമ്മെ നയിക്കണം! "... ദൈവം സത്യവാൻ, സകല മനുഷ്യരും ഭോഷ്ക്കു പറയുന്നവർ എന്നേ വരൂ, ..."

എല്ലായ്പ്പോഴുമെന്നപോലെ, മനുഷ്യന്റെ അശുദ്ധിയോടൊപ്പം ദൈവത്തിന്റെ വിശദീകരണം നല്കുന്നു. പൗലൊസ് ഉറപ്പിച്ചു പറഞ്ഞത് ദൈവത്തിന്റെ സൃഷ്ടികൾ എല്ലാം നല്ലതും (ഉല്പത്തി 1:24, 25) അതു സത്യമെന്നു അറിഞ്ഞു വിശ്വസിക്കുന്നവൻ നന്ദിയോടെ അവയെ സ്വീകരിക്കേണ്ടതാണ് എന്നുമാണ്. മൃഗമാംസം ദൈവ വചനത്താലും (അവന്റെ പ്രഖ്യാപനങ്ങൾ) പ്രാർത്ഥനയാലും (മനുഷ്യന്റെ നിർവ്വഹണം) ശുദ്ധീകരിക്കപ്പെട്ടിരിക്കുന്നു (വേർതിരിച്ചിരിക്കുന്നു). ഒരിക്കൽ കൂടെ, മനുഷ്യന്റെ സമ്മിശ്ര – മായ ചിന്തകളും വ്യതിചലിച്ച ഉപദേശങ്ങളും നാം നമ്മുടെ യജമാനന്റെ സന്ദേശത്തിലേക്കു തിരിയേണ്ട ആവശ്യത്തെ തെളിയിക്കുന്നു!

## പാഠം 11: പ്രാസംഗികന്റെ ഒരുക്കം (4:6-8)

പിശാചിന്റെ വഞ്ചന ഒഴിവാക്കുവാൻ ദൈവ സഹായം നമുക്ക് ആവശ്യമാകയാൽ, ദൈവശുശ്രൂഷകൻ തന്റെ ചുമതല നിർവ്വഹിക്കണം. പൗലൊസ് അതുകൊണ്ട് തിമൊഥെയൊസിനോട് പറഞ്ഞത് "ഇതു സഹോദരന്മാരെ [ഗ്രഹിപ്പിച്ചു] കൊടുക്ക" (4:6) എന്നാണ്. അതു ഇഷ്ടപ്രകാരം തിരഞ്ഞെടുക്കാവുന്ന ഒന്നല്ല, കല്പനയായിരുന്നു. ഗ്രീക്ക് പദമായ *ഹുപോറ്റിതെമെനോസ്* (മൂല വാക്കായ *ഹുപോറ്റിതെമിയിൽ* നിന്നുള്ളത്, അതിന്റെ അർത്ഥം "വെക്കുക അല്ലെങ്കിൽ താങ്ങുക"[8]) ഒരു പ്രെസന്റ്, മിഡിൽ പാർട്ടിസിപ്പിൾ ആണ്; അതുകൊണ്ടു പൗലൊസ് ഇങ്ങനെ പറയുന്നു, "തിമൊഥെയൊസേ, സഹോദരന്മാരെ ഉപദേശിക്ക യും സഹായിക്കുകയും ചെയ്യുവാൻ നീ തന്നെ ആരംഭം – കുറിക്കണം."

സുവിശേഷകന്മാരെ ദൈവം വിളിച്ചിരിക്കുന്നതു ക്രിസ്ത്യാനികളുടെ മനസ്സിൽ സത്യം വിതക്കുവാനും അങ്ങനെ അവർക്കു സഹായത്തിനു സത്യമുണ്ടാകേണ്ടതിനുമാണ് (നോക്കുക എഫെസ്യർ 6:14). ആ ജോലി ഒരു പക്ഷെ തന്റെ ജീവൻ പോലും വച്ചുകൊടുക്കേണ്ടി വന്നാലും – ഒരാളുടെ കഴുത്തുവച്ചു കൊടുക്കേണ്ടി വന്നാലും – "ഇവയെല്ലാം'' സഹോദരന്മാരുടെ മനസ്സുകളിൽ അത്രത്തോളം പതിഞ്ഞതാണെന്നു കാണേണ്ടതിനാണ്. റസൽ ബ്രാഡ്ലി ജോൺസ് പറഞ്ഞതു "സഹോദരന്മാർ" (ഗ്രീക്ക്.: *അഡെൽഫോസ്*) എന്നതിന്റെ അർത്ഥം "ഒരേ ഗർഭപാത്രത്തിൽ നിന്നു വന്നവർ"[9] എന്നാണ്. ദുരുപദേഷ്ടാക്കൾക്കെതിരായി, സത്യമുള്ള സുവിശേഷകന്മാർ ദൈവ ഭവനത്തിലേക്കു ജനിച്ചിരിക്കുന്ന കുടുംബാംഗങ്ങളുടെ മനസ്സുകളിൽ ആഴത്തിൽ സ്നേഹത്തോടെ വിതക്കുന്നത് സത്യമാണ് (1 തിമൊഥെയൊസ് 3:15).

ഒരാൾ ഈ വിധത്തിൽ സേവിക്കുന്നു എങ്കിൽ, അയാൾ വാസ്തവമായും ക്രിസ്തുയേശുവിന്റെ "നല്ല ദാസനാകും" (ഗ്രീക്ക്.: *ഡയാക്കൊണോസ്*; നോക്കുക 3:8-13 ലെ കുറിപ്പുകൾ).

> "ഒരു ശ്രേഷ്ഠ ശുശ്രൂഷകൻ" തന്റെ ജോലിയിൽ, സ്നേഹം പുലർത്തുകയും, എല്ലാറ്റിലുമുപരി, ദൈവത്തോടും സ്നേഹം പ്രകടിപ്പിച്ചു സത്യം വിട്ടു പോകുന്നവർക്കെതിരെ മുന്നറിയിച്ചു, തെറ്റിനെ എങ്ങനെ കൈകാര്യം ചെയ്യണമെന്നു കാണിക്കുകയും ചെയ്യും. അത്തരം വ്യക്തി വാസ്തവത്തിൽ സത്യത്തെ പ്രതിനിധീകരിക്കയും ക്രിസ്തുയേശുവി (നുള്ളവനാകയും) ചെയ്യും.[10]

ഇതാ ഇവിടെ ഉപദേശിക്കുന്ന ഒരു ദാസൻ!

**ഒരു മാതൃകയും ഒരു പ്രശ്നവും (വാ. 6, 7)**

"നല്ല ദാസൻ" ആയി തീരുവാൻ ഒരാൾ വിശ്വാസ വചനത്താലും (ഒരാൾ എങ്ങനെ വളർത്തുന്നു) പത്ഥ്യോപദേശത്താലും (ഒരാൾ എന്തു പ്രഖ്യാപിക്കുന്നു) പോഷണം പ്രാപിച്ചവനാകണം. ഇവിടെ "പോഷണം" ലഭിക്കുക എന്നതുകൊണ്ട് അർത്ഥമാക്കുന്നത് "വിദ്യാഭ്യാസം നടത്തുക, മനസ്സിനെ രൂപപ്പെടുത്തുക"[11] എന്നാണ്. വെറും വായന കൊണ്ട് ഒരാളുടെ മനസ്സിനെ രൂപപ്പെടുത്തുവാൻ സാധ്യമല്ല. അതിനു ഉത്സാഹത്തോടുകൂടിയുള്ള പഠനവും കരുതലോടുകൂടിയ, ആത്മവിശ്വാസത്തോടുകൂടിയ – പരിശ്രമവും വേണം.

തിമൊഥെയൊസ് ആ മാതൃക പിൻപറ്റിയിരുന്നതായി പൗലൊസ് പറഞ്ഞിരിക്കുന്നു. ഈ കാര്യങ്ങളിൽ തിമൊഥെയൊസ് പക്വതയുള്ളവനായി (തികവുള്ളവനായി) എന്നു പൗലൊസ് ഇവിടെ ഉപയോഗിച്ച പൂർണ്ണകാലം സൂചിപ്പിക്കുന്നു. അവനു തന്റെ ഗതി മാറ്റേണ്ട ആവശ്യമില്ലായിരുന്നു, എന്നാൽ അവൻ ചെയ്തുവന്നതു തുടരേണ്ടിയിരുന്നു. "അനുസരിക്കുന്നു"[12] എന്ന വാക്കിൽ അവൻ എന്തു ചെയ്തു വന്നു എന്നതു വ്യക്തമാണ്. എവിടെ പോയാലും തിമൊഥെയൊസ് വിശ്വാസ

വചനവും പത്ഥ്യോപദേശവും ശ്രദ്ധിച്ചിരുന്നു എന്ന ആശയം എത്ര മനോഹരമാണ്! പോഷണം ലഭിച്ചു എന്ന ആശയം വ്യക്തമാക്കുന്നതു തിമൊഥെയൊസ് ആ ഉപദേശത്തിന് ഇണങ്ങുംവിധം പ്രവർത്തിക്കുകയും അനുസരിക്കുകയും ചെയ്തപ്പോൾ അവനിൽ ആരോഗ്യവും അറിവുമുള്ള മനസ് രൂപംകൊണ്ടതിനെയാണ്. ഓരോ സുവിശേഷകനും അതുപോലെ ചെയ്യേണം (നോക്കുക 2 തിമൊഥെയൊസ് 2:15).

ദൈവത്തിന്റെ വക്താവു പ്രശംസനീയ മാതൃകയിൽ നിന്നു വഴിമാറി സഞ്ചരിക്കുവാനാണ് പിശാചു ആഗ്രഹിക്കുന്നത്. തിമൊഥെയൊസിനൊടു "ഭക്തിവിരുദ്ധമായ കിഴവിക്കഥകളെ ഒഴിച്ചുനിർത്തുക അതു കിഴവികൾക്കു യോജിച്ചതാണ്," എന്നു പറയുമ്പോൾ അതു രണ്ടു വിധത്തിൽ സംഭവിക്കുവാനിടയുണ്ട് എന്നു പൗലൊസ് സൂചിപ്പിക്കുന്നു. *ഭക്തിവിരുദ്ധമായവയെ ഒഴിവാക്കുക*[13] (കെജെവി) എന്നാണ് ആദ്യം, തിമൊഥെയൊസിനെ അവൻ മുന്നറിയിക്കുന്നത്. ചില സ്ഥലങ്ങളും പരിശീലനങ്ങളും സുഖകരമല്ലാത്തതും ഒരാളുടെ നല്ല സ്വാധീനത്തെ നശിപ്പിക്കുന്നതുമാണ് (നോക്കുക 2 കൊരിന്ത്യർ 6:17–7:1; 1 പത്രൊസ് 4:1–5). ഇതിനെ ഭക്തിവിരുദ്ധമായ സംസാരം അല്ലെങ്കിൽ ലോകത്തിലോ സഹോദരങ്ങൾക്കിടയിലോ ഉള്ള ചോദ്യം ചെയ്തേക്കാവുന്ന സ്വഭാവവുമായി ബന്ധിപ്പിക്കാവുന്നതാണ് (ഗലാത്യർ 5:15; തീത്തൊസ് 1:9–11; 1 കൊരിന്ത്യർ 10:31–33). രണ്ടാമതു, *പ്രായം ചെന്ന ഭാര്യമാരുടെ കെട്ടുകഥകൾ നിരസിക്കുവാൻ*[14] പൗലൊസ് അവനെ മുന്നറിയിക്കുന്നു (കെജെവി). ഹെൻഡ്രിക്സൺ പറഞ്ഞതു ഇവ "തെറ്റു പ്രചരിപ്പിക്കുന്നതും, ന്യായ പ്രമാണത്തെ മോടി പിടിപ്പിക്കുന്നതായ ബാലിശവും രസകരവുമായ കഥകളാണ് ... അവ അസംബന്ധമല്ലാതെ മറ്റൊന്നല്ല, അതു *പ്രായം ചെന്ന സ്ത്രീകൾ* അയൽക്കാരെ അല്ലെങ്കിൽ പേരക്കുട്ടികളെ[15] കയ്യിലെടുക്കുവാൻ ഉപയോഗിക്കുന്ന ബാലിശമായ അന്ധവിശ്വാസങ്ങളാണ്." പ്രായമായ സ്ത്രീകളോടുള്ള എല്ലാ ബഹുമാനത്തോടും കൂടി, അവർ യുവസുവിശേഷകന്മാർക്കു പ്രശ്നമാകുമെന്നറിഞ്ഞതുകൊണ്ട്, പൗലൊസ് തിമൊഥെയൊസിനെ അതിനെ കുറിച്ചു[16] മുന്നറിയിച്ചിരിക്കുന്നു.

### പ്രയോജനമുള്ള അഭ്യാസം (വാ. 8)

പിൻമാറി പോകുന്നതു തടയുവാനുള്ള മാർഗ്ഗം തിമൊഥെയൊസ് ശരിയായ വഴിയിൽ ഊർജ്ജസ്വലനാകുകയും തന്റെ പ്രവൃത്തികൾ സമതുലനാവസ്ഥയിൽ സൂക്ഷിക്കേണ്ടിയുമിരുന്നു. ശാരീരിക അച്ചടക്കത്തിലുപരി, പൗലൊസ് ആവശ്യപ്പെട്ടതു ദൈവഭക്തിയായിരുന്നു. അക്കാലത്തു സാധാരണമായിരുന്നതായിരുന്നു അഭ്യാസത്തെ കുറിച്ചുള്ള അവന്റെ ആലങ്കാരിക ഭാഷ. ചില ദുരുപദേഷ്ടാക്കന്മാർ മതപരമായ അച്ചടക്കം അവരുടെ ശരീരത്തിനുവേണ്ടി പരിശീലിച്ചിരുന്നു (കൊലൊസ്യർ 2:20–23), ആത്മിയ സത്യങ്ങൾ ബോധ്യപ്പെടുത്തുവാൻ പൗലൊസ് അടിക്കടി കായിക മത്സരത്തെ സൂചിപ്പിച്ചിരുന്നു (റോമർ 9:16; 1 കൊരിന്ത്യർ 9:24–27; ഗലാത്യർ 2:2; 5:7; ഫിലിപ്പിയർ 2:16; 2 തിമൊഥെയൊസ് 2:5). "അഭ്യസിക്ക"[17] (കെജെവി) എന്ന വാക്ക് പൗലൊസ് ഉപയോഗിച്ചതു തർജ്ജിമ ചെയ്തിരിക്കുന്നതു വർത്തമാനകാലത്തിലാണ്, അത് തുടർ പ്രവൃത്തി

യെയാണ് കാണിക്കുന്നത്, തന്റെ മുഴുവൻ വ്യക്തിത്വത്തിനും ഗുണകരമാണ് അത്തരം വീര്യം ദൈവഭക്തിക്കു ചെലവഴിക്കുന്നത് എന്ന ഉറപ്പും നൽകുന്നു. നമ്മുടെ ശരീരങ്ങൾക്കും (യാക്കൊബ് 4:8; 1 പത്രൊസ് 2:8–16; 1 കൊരിന്ത്യർ 6:19, 20), നമ്മുടെ ആത്മാക്കൾക്കും (യാക്കൊബ് 1:21–25; 1 പത്രൊസ് 1:6–9), നമ്മുടെ പ്രാണനും (1 കൊരിന്ത്യർ 2:11, 12; എബ്രായർ 4:12, 13; റോമർ 8:2–15; 12:11; ഫിലിപ്പിയർ 1:27, 28) നേരിടേണ്ടി വരുന്ന പ്രശ്നങ്ങളും, വെല്ലുവിളികളും ശരിയായ രീതിയിൽ, ശ്രദ്ധയോടെ നേരിടുവാൻ ദൈവം പറഞ്ഞിരിക്കുന്നു. ആത്മിയമായ അഭ്യാസം ഈ ജീവിതത്തിൽ മാത്രമല്ല നമുക്കു പ്രതിഫലം തരുന്നത്, എന്നാൽ നിത്യജീവങ്കലേക്കുള്ള പ്രവേശനവും അത് ഉറപ്പു നൽകുന്നു.

ഏതൊരു സുവിശേഷകനും ദൈവ ജനത്തിനു മുൻപാകെ ദൈവഭക്തിയിലേക്കുള്ള ഈ പ്രധാനവും ഫലപ്രദവുമായ പരിശീലനത്തിനായി മുൻപോട്ടു വരട്ടെ. എന്തുകൊണ്ട്? കാരണം അതാണ് ശരി, നൂറ്റാണ്ടുകൾക്കു മുൻപു അപ്പൊസ്തലന്മാർ നമുക്കുവേണ്ടി അതൊരു മാതൃകയാക്കിയിരിക്കുന്നു (അതായിരുന്നു പൗലൊസിന്റെ അടുത്ത വിഷയം).

## പാഠം 12: അപ്പൊസ്തലന്മാരുടെ നിലവാരം (4:9-12)

വാക്യങ്ങൾ 10 ഉം 11 ഉം സംയോജിച്ചിരിക്കുന്നതിൽ അടങ്ങിയിട്ടുള്ളത് "വിശ്വാസയോഗ്യമായ പ്രസ്താവന" എന്നതിലെ ഓരോവാക്കും "മുഴുവൻ സ്വീകരിക്കുന്നതിനു യോഗ്യമായ" രീതിയിൽ ശ്രദ്ധയോടെ ധ്യാനിക്കേണ്ടതാണ് (4:9).

### ഈ പുരുഷന്മാരുടെ സ്വഭാവം (വാ. 10)

വാക്യം 10 ലെ "അദ്ധ്വാനം"[18] എന്ന വാക്ക് ശ്രദ്ധിക്കുക. ഇതു പ്രാസംഗികർക്കു എടുക്കുവാനുള്ള അലങ്കാരപാതയാണ്. അതിൽ ഭാരങ്ങൾ, അദ്ധ്വാനം, ദുഃഖങ്ങൾ, പ്രഖ്യാപനം, ഉത്സാഹപ്പെടുത്തൽ എന്നിവ സമ്മിശ്രമായി ഉൾപ്പെട്ടിരിക്കയും അവ ഒരുപക്ഷെ ഓരോ പകലും രാത്രിയും – സമയത്തും അസമയത്തും കടന്നുവരാം (നോക്കുക 2 തിമൊഥെയൊസ് 4:2–5). പ്രാസംഗികാ, നിങ്ങൾ അത്തരത്തിൽ അദ്ധ്വാനിച്ചിട്ടുണ്ടോ?

"പോരാടുക"[19] എന്ന വാക്ക് ശ്രദ്ധിക്കുക. ഇവിടെ ഇതാ ധീരതയുള്ള, ലക്ഷ്യം - മുൻനിർത്തിയുള്ള നിലവാരം ദൈവഭക്തിക്ക് ഒരുക്കിയിരിക്കുന്നു. പ്രാസംഗികാ, നിങ്ങൾ അങ്ങനെ പോരാടിയിട്ടുണ്ടോ?

അപ്പൊസ്തലന്മാർക്കു ശുഭാപ്തി വിശ്വാസം ഉണ്ടായിരുന്നു: "കാരണം നമ്മുടെ പ്രത്യാശ വെച്ചിരിക്കുന്നത് ജീവനുള്ള ദൈവത്തിലാണ് [ശക്തമായ സാന്നിദ്ധ്യം], അവൻ സകല മനുഷ്യരുടെയും രക്ഷിതാവാണ് [ശക്തമായി ശുദ്ധീകരിക്കുന്നവൻ; എബ്രായർ 7:25], പ്രത്യേകിച്ചു വിശ്വാസികളുടെ" (4:10).[20] ഇതു നമ്മുടെ പ്രത്യാശയെ സജീവമാക്കുവാൻ നമ്മെ പ്രോത്സാഹിപ്പിക്കണം. ദൈവത്തിന്റെ ദാസൻ കഷ്ടതയെ നേരിടും. ചിലർ ഹൃദയഭേദകമായ സാഹചര്യത്തിൽ അതിൽ മനം നൊന്തു പ്രത്യാശ നഷ്ടപ്പെടുത്തും. എങ്ങനെയായാലും, ദൈവം മരിച്ചിട്ടില്ല, മനുഷ്യരുടെ രക്ഷ നിന്നു പോയിട്ടുമില്ല. നിഷേധങ്ങൾ വരുമ്പോൾ

നാം വിട്ടുകളകയുമരുത്. യേശു മുന്നറിയിച്ചതുപോലെ, അപ്പൊസ്തലന്മാർ ദൈവ സേവനത്തിൽ കഷ്ടതയേല്ക്കുകയും മരിക്കുകയും ചെയ്തു (മത്തായി 24:1–3, 9; 2 തിമൊഥെയൊസ് 4:7, 8, 16–18); എന്നാൽ പൗലൊസ് അവരെ കുറിച്ചു സൂചിപ്പിച്ചത് പ്രത്യാശയുടെ സന്ദേശവാഹകർ എന്നാണ്. ഓരോ താഴ്‌വരകളിലേക്കും പ്രത്യാശാകിരണങ്ങൾ എത്തിച്ച അവർ എന്തൊരു നിലവാരം – പുലർത്തുന്നവരാകുന്നു എന്ന് പൗലൊസ് പറഞ്ഞിരിക്കുന്നു! പ്രാസംഗികാ, നിങ്ങൾ സ്വർഗ്ഗീയ പ്രത്യാശ പ്രദർശിപ്പിക്കുന്നവനാണോ?

### നിറവേറ്റേണ്ട ആവശ്യം (വാ. 11, 12)

അപ്പൊസ്തലന്മാർ ചെയ്തുകൊണ്ടിരുന്നതും താൻ സംസാരിച്ചതും എഴുതേണ്ടതിന്റെയും ഉപദേശിക്കേണ്ടതിന്റെയും ആവശ്യകതയെ ആയിരുന്നു പൗലൊസ് ഊന്നൽ കൊടുത്തത്. "എഴുതുക" (ഗ്രീക്ക്.: *പാരാജെല്ലെ*; "അവരുടെ ശ്രദ്ധ നേടുക") എന്നതും "ഉപദേശിക്കുക" (ഗ്രീക്ക്.: *ഡിഡാസ്ക്*; "ആവശ്യമുള്ള ആത്മാക്കൾക്കു സഹായം നല്കുക"; പ്രവൃത്തികൾ 8:29–35) എന്നതും വർത്തമാന ആദേശകമായിട്ടാണ് ഉപയോഗിച്ചിരിക്കുന്നത്; പൗലൊസ് പറഞ്ഞതു (1) അതു ചെയ്തുകൊണ്ടിരിക്കണം എന്നും (2) അതു ചെയ്യുക *തന്നെ* വേണം എന്നുമാണ്. ഫലത്തിൽ, അവൻ തിമൊഥെയൊസിനോടു പറഞ്ഞതു, "വിശ്വാസ വീഴ്ച്ച, ദുരുപദേശങ്ങൾ, ലോകപ്രകാരമുള്ള കെട്ടുകഥകൾ, നിന്റെ യുവത്വം എന്നിവ നിന്നെ ബാധിക്കുവാൻ അനുവദിക്കരുത് [പിന്നീടു പൗലൊസ് വളർത്തിയെടുക്കുന്ന ആശയം], അല്ലെങ്കിൽ ഈ കാര്യങ്ങൾ മറ്റുള്ളവരോടു കല്പിക്കുന്നതിൽ നിന്നും ഉപദേശിക്കുന്നതിൽ നിന്നും നിന്നെ ഒന്നും പിന്തിരിപ്പിക്കരുത്!" (നോക്കുക 3:14, 15; 4:1–12.)

പ്രായത്തെ കുറിച്ചു പൗലൊസ് ബുദ്ധിപരമായ നിരീക്ഷണം നടത്തിക്കൊണ്ട്, അദ്ധ്യായം 4 അവസാനിപ്പിക്കുന്നതു യുവ സുവിശേഷകന്മാർക്കു ഉച്ചസ്ഥായിയിലുള്ള വെല്ലുവിളി നല്കിക്കൊണ്ടാണ്. ആളുകൾ ജ്ഞാനത്തെ പ്രായവുമായി ബന്ധപ്പെടുത്തി പലപ്പോഴും സംസാരിക്കുകയും എല്ലായ്പ്പോഴും പ്രായമുള്ളവരിലാണ് ജ്ഞാനത്തിന്റെ കൃത്യത എന്നു തീർച്ചപ്പെടുത്തുകയും ചെയ്യുന്നു. ആളുകൾ ഈ വിധത്തിൽ ചിന്തിക്കുന്നു എന്ന വസ്തുത യുവ സുവിശേഷകന്മാരിൽ നിന്നു ആവശ്യപ്പെടുന്നതു സൂക്ഷ്മതയും ബഹുമാനവുമാണ്. അവൻ ഈ കല്പന സ്വീകരിച്ചാൽ ആരും അവന്റെ യുവത്വത്തെ തുച്ഛീകരിക്കയോ അവനെ *തരം താഴ്ത്തുകയോ*[21] ചെയ്യുകയില്ല എന്നാണ് പൗലൊസ് തിമൊഥെയൊസിനോടു പറഞ്ഞത് (4:12). യുവ പ്രാസംഗികരും സഹോദരന്മാരും പരിഗണിക്കേണ്ടതിനാണ് പൗലൊസ് ഒരു പ്രശ്നം അവതരിപ്പിക്കുന്നത്. സഹോദരന്മാർ ചില യുവ സുവിശേഷകന്മാരെ നിസ്സാരമായി കരുതി അവജ്ഞയോടെ കാണുകയോ അല്ലെങ്കിൽ "കൊല്ലുകയോ" ചെയ്തിട്ടുണ്ട്. അത്തരം പെരുമാറ്റം തെറ്റും അതു യുവാക്കളെ ആഴത്തിൽ വൃണപ്പെടുത്തുന്നതുമായതിനാൽ, സഹോദരന്മാർ കർത്താവിന്റെ വേലയിലുള്ള ഇവരെ കളിയാക്കുന്ന രീതിയിൽ അവർ പെട്ടെന്നു പ്രതികരിച്ചേക്കാം.

പൗലൊസ് തിമൊഥെയൊസിനോടു പറഞ്ഞത്, "നിന്റെ യൗവ്വനം

ആരും തുച്ഛീകരിക്കരുത്, ..."(4:12) എന്നാണ്. പൗലൊസിന്റെ "യുവത്വം" എന്നതിന്റെ വാക്ക് (ഗ്രീക്ക്.: *നിയോറ്റെറ്റോസ്*) നാല്പതു വയസു[22] വരെ പ്രായമുള്ളവരെ ഉദ്ദേശിച്ചാണ് ഉപയോഗിച്ചിരിക്കുന്നത്. പൗലൊസ് നൽകിയ ഗൗരവവും ഉത്തരവാദിത്വവുമുള്ള ചുമതലകൾ ഏൽക്കുവാൻ തിമൊഥെയൊസ് തീർച്ചയായും യുവാവായിരുന്നു, അതുകൊണ്ടു അവൻ എല്ലാ പ്രായക്കാരായ ആളുകളോടും ബന്ധപ്പെടേണ്ടത് എങ്ങനെ എന്നു പഠിക്കേണ്ടതുണ്ടായിരുന്നു. തിമൊഥെയൊസിനു അന്നു കൊടുത്ത അതേ ഉത്തരവാദിത്വങ്ങൾ ഇന്നു സഭയിലെ ചെറുപ്പക്കാരായ സുവിശേഷകന്മാരുടെ വേലയിൽ ഉൾപ്പെട്ടിരിക്കുന്നതുകൊണ്ട്, പൗലൊസിന്റെ ഈ മുന്നറിയിപ്പ് കൂടുതൽ പ്രാവർത്തികമാക്കേണ്ടതാണ്.

## പാഠം 13: ഉപദേഷ്ടാവിന്റെ രൂപവും ഉദ്ദേശവും (4:12-16)

യുവാവായ സുവിശേഷകൻ എടുക്കേണ്ട മാതൃക[23] അവന്റെ സ്വഭാവം, പെരുമാറ്റം, കരുതൽ, വിശുദ്ധീകരണം എന്നിവയുമായി ബന്ധപ്പെട്ടാണിരിക്കുന്നത്.

### അവന്റെ സ്വഭാവം (വാ. 12)

അഞ്ചു വിധത്തിൽ തിമൊഥെയൊസ് മാതൃകയാകേണ്ടിയിരുന്നു:

സംസാരം - അവന്റെ വാക്കുകൾ
നടപ്പ് - അവന്റെ സേവനം
സ്നേഹം - സേവിക്കുന്ന അവന്റെ മനോഭാവം
വിശ്വാസം - തിരുവെഴുത്തിലുള്ള അവന്റെ സ്ഥിരത
നിർമ്മലത - പാപരഹിതമായ തന്റെ ജീവിതം

ഒരു സുവിശേഷകൻ എന്ന നിലയിൽ ജോലിയിൽ താൻ കടന്നു പോകുന്നതിന്റെ എല്ലാ അടിസ്ഥാനത്തെയും ഈ കൊടുത്തിരിക്കുന്ന ലിസ്റ്റ് ബന്ധപ്പെടുന്നു. അവ ജീവിതത്തിന്റെ എല്ലാ മേഖലയിലും ഉത്തരവാദിത്വം ചുമത്തുന്നു.

*പ്രഖ്യാപനങ്ങൾ: "വാക്കിൽ"* (ഗ്രീക്ക്.: *എൻ ലോഗോ*). അതേ ഗ്രീക്ക് വാക്ക് വീണ്ടും മൂപ്പന്മാരോടുള്ള ബന്ധത്തിൽ, 1 തിമൊഥെയൊസ് 5:17-ൽ ഉപയോഗിച്ചിട്ടുണ്ട്. അതിന്റെ അർത്ഥത്തിന്റെ വിപുലീകരണമാണ് അവിടെ കൊടുത്തിരിക്കുന്നത്. അതിന്റെ ഇവിടത്തെ ഉപയോഗം ആ സന്ദർഭത്തിലെ അതിന്റെ ഉപയോഗം വിവരിക്കുവാൻ സഹായിക്കും. ആ പദ പ്രയോഗം ഒരു സുവിശേഷകന്റെ ജീവിതത്തിന്റെ കേന്ദ്രബിന്ദുവിൽ ചെന്നു പതിയുന്നു. നിത്യമായ വിഷയങ്ങളെ കുറിച്ചും ആളുകളുടെ വ്യക്തിപരമായ ആവശ്യങ്ങളെ കുറിച്ചും രഹസ്യമായും പരസ്യമായും അവൻ തുടർച്ചയായി സംസാരിക്കണമായിരുന്നു. അവൻ *എന്തു* പറയുന്നു എന്നതും *എങ്ങനെ* പറയുന്നു എന്നതും അനുസരിച്ചാണ് അനേകം മനുഷ്യരുടെ പ്രതികരണം ഉണ്ടാകുന്നത്.

*പ്രവൃത്തികൾ: "നടപ്പിൽ."*[24] ഇത് പറഞ്ഞു പഴകിയ ശൈലി കാണിക്കുന്നു "നിങ്ങൾ പറയുന്നതു കേൾപ്പാൻ എനിക്കു കഴിയുന്നില്ല കാരണം നിങ്ങൾ ആരാണെന്നു എനിക്ക് അറിയാം." നാം അതിനെ തിരിച്ചിട്ടാൽ, ആളുകൾ യേശുവിനെ ശ്രദ്ധിക്കുവാനിടയായതെന്തുകൊണ്ടാണെന്നു മനസ്സിലാകും. എപ്പോഴും ക്രിസ്തുവിന്റെ സംസാരത്തിനുമുൻപായി സഞ്ചരിച്ചിരുന്നത് തന്റെ ജീവിതത്തിന്റെ നിഴലായിരുന്നു. അവന്റെ കാൽപ്പാടുകളെ പിൻപറ്റുന്നവരിലും അങ്ങനെയായിരിക്കണം!

*മനോഭാവം: "സ്നേഹത്തിൽ."*[25] ദൈവത്തിനും മനുഷ്യർക്കും മുമ്പാകെ സ്നേഹത്തോടെ ജീവിക്കുവാൻ ഉണ്ടാകേണ്ട വൈകാരികമായ ജ്വാല ഇതാ. സ്നേഹമാണ് നമ്മുടെ ജീവിതരീതി ആത്മാർത്ഥവും സുവർണ്ണ മാതൃകയുള്ളതുമാകുന്ന വിധത്തിൽ നമ്മെ പെരുമാറുവാൻ പ്രേരിപ്പിക്കുന്നത് (യോഹന്നാൻ 13:34, 35; 1 കൊരിന്ത്യർ 13:1–8).

*തീരുമാനം: "വിശ്വാസത്തിൽ."* ഒരാൾ തന്റെ സ്നേഹിക്കുവാനും, സംസാരിക്കുവാനും, ജീവിക്കുവാനും ഉള്ള തീരുമാനത്തിൽ ശക്തമായി നില്ക്കേണ്ടതിന് വിശ്വാസം ദൈവിക പ്രോത്സാഹനം നല്കുന്നു. താൽക്കാലിക പരീക്ഷണങ്ങൾക്കപ്പുറമായി വിശ്വാസത്തോടെ ഒരാളെ നിത്യമായ വിജയത്തെ കാണുവാൻ അതു സഹായിക്കുന്നു (യാക്കോബ് 1:2–4; റോമർ 8:22–25; എബ്രായർ 11:9–19).

*മാന്യത: "നിർമ്മലതയിൽ."*[26] മറ്റെല്ലാ സ്വഭാവങ്ങളുടേയും ചുരുക്കം നാം ഇവിടെ കാണുന്നു. ഒരു സുവിശേഷകന്റെ സംസാരം, ജീവിതം, സ്നേഹം, അല്ലെങ്കിൽ വിശ്വാസം, നിർമ്മലമല്ലെങ്കിൽ അവന്റെ സ്വഭാവം മാതൃകയില്ലാത്തതായി തീരുന്നു. നിർമ്മലതയുടെ ആവശ്യം തിരുവെഴുത്ത് ഊന്നി പറയുന്നു (1 പത്രൊസ് 1:22; 1 തിമൊഥെയൊസ് 1:5).

ഇവയിലെല്ലാറ്റിലും തിമൊഥെയൊസ് മാതൃകയാകുവാനുള്ള വെല്ലുവിളിയാണ് പൗലൊസ് നല്കിയത്. ഒരു ഉപദേഷ്ടാവു ഈ വെല്ലുവിളിയെ നേരിടുവാൻ സാധിച്ചാൽ അവൻ ഏതുതരത്തിൽ ആയിരിക്കും ജീവിക്കുക, ഏതുതരം സുവിശേഷ വേലയായിരിക്കും അവൻ ചെയ്യുക!

### അവന്റെ നടപ്പു (വാ. 13)

സുവിശേഷകന്റെ നടപ്പുമായി ബന്ധപ്പെട്ടു പൗലൊസ് മൂന്നു കല്പനകൾ കൊടുത്തു. ഓരോന്നും "എങ്ങനെ – ആണ്" നിർദ്ദേശിക്കേണ്ടതെന്നും അവൻ പറഞ്ഞു.

ശരിയായ നടപ്പിനു ആദ്യം മുഖ്യമായി വേണ്ടതു "വായന"[27] ആണ്. ദിവസേനയുള്ള ബൈബിൾ വായനയിലും കൂടുതൽ ഇതിൽ ഉൾപ്പെടുന്നു. പൗലൊസ് ഉദ്ദേശിച്ചതു ലഭിക്കുവാൻ, ഒരാൾക്ക് അന്വേഷണങ്ങളും, വാക്കുകളുടെ പഠനം നടത്തലും, മനപ്പാഠം ആക്കലും, ധ്യാനിക്കുകയും, താരതമ്യം ചെയ്യുകയും, പുനരവലോകനം നടത്തുകയും ചെയ്യേണ്ടതുണ്ട്. ഈ ചുമതല നിസ്സാരന്മാരായ പഠിതാക്കൾക്കുള്ളതല്ല, കാരണം അവൻ "പ്രസംഗിപ്പാനും ഉപദേശിപ്പാനും കഠിനാദ്ധ്വാനം ചെയ്യണം" (1 തിമൊഥെയൊസ് 5:17).

ദൈവിക നടപ്പിനു രണ്ടാമതായി വേണ്ട മുഖ്യകാര്യം "പ്രബോധനമാണ്."[28] മാനുഷികമായ എല്ലാ ആവശ്യങ്ങളും നിറവേറപ്പെടുവാൻ,

ഒരാൾക്കു ആശ്വാസം, സമാശ്വാസം, യാചന, അപേക്ഷ, അഭ്യർത്ഥന, പ്രോത്സാഹനം, നിർദ്ദേശം, ഉദ്ബോധനം എന്നിവ നടത്തേണ്ടത് ആവശ്യമാണ്. ഇനി ഇതിനോടു തിത്തൊസ് 1:9 ചേർക്കുക, അതിൽ പറയുന്നതു ഈ പ്രബോധനങ്ങൾ എല്ലാം നടത്തേണ്ടതു "പത്ഥ്യോപദേശത്താലാണ്" എന്നാണ്. ഈ പ്രവൃത്തിക്ക് പ്രായോഗികമാക്കേണ്ട സത്യത്തിന്റെ പരിജ്ഞാനം എത്ര അനിവാര്യമാണ്! ഈ ആവശ്യങ്ങൾ എല്ലാം നിറവേറ്റുവാൻ ദൈവവചനത്തിനു കഴിയുമോ എന്നു ആർക്കെങ്കിലും സംശയമുണ്ടോ? ആവശ്യമുള്ളപ്പോൾ ഒരാളെ ആശ്വസിപ്പിക്കുവാനും, വേറൊരാളെ പ്രോത്സാഹിപ്പിക്കുവാനും, ഇനിയുമൊരാളെ ഉപദേശിക്കുന്നതിനും, ഉദ്ബോധിപ്പിക്കുന്നതിനും - എല്ലാം പത്ഥ്യോപദേശത്തിലുണ്ടെന്നു എത്ര സുവിശേഷകന്മാർക്ക് അറിയാം?

നടപ്പിനു പൗലൊസ് മൂന്നാമതായി നല്കുന്ന പ്രധാന കാര്യം "ഉപദേശിക്കൽ"[29] ആണ്. ലൂക്കൊസ് 6:40 ഗൗരവമുള്ള പരാമർശം നല്കുന്നതു ഒരാൾ തികവുള്ളവനായി തീരുമ്പോൾ, അയാൾ തന്റെ ഉപദേഷ്ടാവാകും എന്നാണ്. മത്തായി 10:25 പറയുന്നതു ഒരു ശിഷ്യന് തന്റെ ഗുരുവിനെ പോലെ ആകുന്നതു മതിയായതാണ്. വാസ്തവത്തിൽ, ഉപദേഷ്ടാവു ഒരു വലിയ ദാസനും വക്താവുമാകണം. *എത്ര ഉപദേഷ്ടാക്കന്മാരും സുവിശേഷകന്മാരും ഈ വെല്ലുവിളി നേരിടുന്നുണ്ട്?*

"ശ്രദ്ധ കൊടുക്ക"[30] എന്ന കല്പനയാൽ ആ മൂന്നു വെല്ലുവിളികളും ആമുഖമായി അവതരിപ്പിച്ചിരിക്കുന്നു. ഈ ആശയം മുൻപറഞ്ഞ മൂന്നു പ്രധാന കാര്യങ്ങളിലും പ്രാവർത്തികമാക്കുക. ഇത്തരം നടത്തയെ കരുതലോടെ ശ്രദ്ധിക്കുന്ന സുവിശേഷകനു ഒരിക്കലും വേലയില്ലാതിരിക്കയില്ല!

ദൈവവചനം ആഴത്തിൽ മനസ്സിലാക്കുന്നതിൽ ഒരു സുവിശേഷകൻ നിലവാരം പുലർത്തുക എന്നതു തീർച്ചയായും പ്രാധാന്യമുള്ള കാര്യമാണ്. അതു വളരെ പ്രാധാന്യമുള്ളതുകൊണ്ട്, നമുക്ക് ദൈവവചനത്തെ മനസ്സിലാക്കുവാൻ സഹായിക്കുന്ന അഞ്ചു സമീപനങ്ങൾ പരിശോധിക്കാം:

1. ദൈവത്തിന്റെ വചനം അറിയണമെന്ന വാഞ്ഛ അല്ലെങ്കിൽ ആഗ്രഹം നമ്മുടെ മനസ്സിൽ വേണം (യോഹന്നാൻ 7:17).

2. അതു സാക്ഷാൽ *ദൈവത്തിന്റെ വചനമായി* ത്തന്നെ നാം അതിനെ കൈക്കൊള്ളണം (1 തെസലൊനിക്യർ 2:13; 2 പത്രൊസ് 1:20, 21).

3. നാം അതു വെറുതെ കേൾക്കുക മാത്രമല്ല, ചെയ്യുന്നവരാകണം (യാക്കോബ് 1:23-25).

4. നാം അനുഗ്രഹിക്കപ്പെടുവാൻ ദൈവവചനം ധ്യാനിക്കണം (സങ്കീർത്തനങ്ങൾ 1:1-3; 119:52, 55, 56).

5. നാം അതിൽ തുടർന്നുകൊണ്ടിരിക്കണം (യോഹന്നാൻ 8:31, 32).

## അവന്റെ കരുതൽ (വാ. 14)

ഒരു സുവിശേഷകന്റെ സ്വഭാവത്തെയും നടപ്പിനെയും പോലെ ഈ മഹത്തായ ചുമതല കൊടുത്തുകൊണ്ട്, പൗലൊസ് തന്റെ അപേക്ഷയിൽ പ്രധാന ഉൽക്കണ്ഠ ചെലുത്തിയിരിക്കുന്നു: "ഉപേക്ഷ വിചാരിക്ക

രുത്. ...”[31] *ഉപേക്ഷിക്കുന്നതിനാൽ, ഒരു സുവിശേഷകൻ പരാജയപ്പെടുന്നതിനു നാലു കാരണങ്ങൾ നാം കാണുന്നു.* പൗലൊസിന്റെ കല്പനകളെ അവഗണിക്കുന്നവൻ (1) സൂക്ഷിക്കുകയില്ല, (2) കേൾക്കുകയില്ല, (3) ശ്രദ്ധിക്കുകയില്ല, (4) തയ്യാറെടുക്കുകയുമില്ല. *ഉപദേഷ്ടാവേ, നിങ്ങളുടെ ബലഹീനത എന്താണ്?*

ഈ സന്ദർഭത്തിൽ പൗലൊസ് പറഞ്ഞ പ്രത്യേക ഉപേക്ഷ “ആത്മിയ വരവുമായി” ബന്ധപ്പെട്ടതാണ്. ഈ വരം, പ്രവചനത്താൽ നൽകപ്പെട്ടതു (നോക്കുക 2 തിമൊഥെയൊസ് 1:6), കാണിക്കുന്നതു അതിനു *ദൈവിക അംഗീകാരമുണ്ടെ*ന്നാണ്. അതു പ്രെസ്ബിറ്ററിയുടെ കൈവെപ്പിനാൽ പകർന്നു കൊടുക്കപ്പെട്ടതാണ്, അതു *മാനുഷ അംഗീകാരത്തെ* കാണിക്കുന്നു (പ്രവൃത്തികൾ 13:1-3; 1 തിമൊഥെയൊസ് 5:22). അത്തരം വരം ലാഘവത്തോടെ കാണരുത്.

ദൈവകൃപയാലും മനുഷ്യരുടെ നന്മയാലും അവനു നല്കപ്പെട്ടിരിക്കുന്ന അംഗീകാരത്തെ ഓരോ സുവിശേഷകനും ആദരിക്കുവാൻ ആഗ്രഹിക്കണം. ക്രിസ്തീയ പുരുഷന്മാർക്ക് സേവിക്കുവാൻ ലഭിച്ച അവസരത്തെ അവർ ബഹുമാനിക്കണമെന്നു പൗലൊസ് അവസാനമായി അപേക്ഷിക്കുന്നു.

**അവന്റെ വിശുദ്ധീകരണം (വാ. 15, 16)**

ഈ അദ്ധ്യായത്തിൽ പറഞ്ഞ സ്വഭാവവും നടപ്പും ആവശ്യപ്പെടുന്നത് ഒരാൾ “വേദനിക്കുന്നവനും” “ഉത്സാഹിക്കുന്നവനും”[32] (എൻഐവി) ആകാം എന്നാണ്. വീണ്ടും, പൗലൊസ് ഉപയോഗിച്ച വർത്തമാന കാലക്രിയ ഒരാൾ *അതു ചെയ്തുകൊണ്ടിരിക്കണം* എന്ന ഊന്നലാണ് നല്കുന്നത്, *അതു ചെയ്യുക തന്നെ വേണമെന്ന്* ആദേശകം നിർബ്ബന്ധിക്കുന്നു. ആ വാക്കിന്റെ അർത്ഥത്തിൽ ചുമതലയുടെ ഗൗരവം കാണാം, “ചെയ്യുവാൻ കഴിയുന്ന” എന്ന ആശയവും അതിലുണ്ട്. അതു പൗലൊസിന്റെ ആശയത്തോടു യഥാർത്ഥത്തിൽ യോജിക്കുന്നു. ആരും നോക്കുന്നില്ലെങ്കിൽ ചെയ്യേണ്ട ആവശ്യമില്ല. എങ്ങനെയായാലും, പൗലൊസിന് അറിയാം ഒരു ഉപദേഷ്ടാവിന്റെ സ്വാധീനം ഉയർന്ന ചിത്രീകരണം തരുന്നതാകേണ്ടത് - നിഷ്ക്കളങ്കതയിലും നിർമ്മലതയിലുമാണ് എന്നുള്ളത്. ക്രിസ്തീയ വ്യവസ്ഥയിൽ, രക്ഷ ആവശ്യമുള്ള ആത്മാക്കളുടെ ജീവൻ നേടിയെടുക്കുന്നതിൽ പ്രധാനമാണ് മാതൃകകളും നിലവാരം - പുലർത്തുന്നവരും. ദൈവജനം ആകർഷണീയമായ വിധത്തിൽ പെരുമാറേണ്ടവരാണ്.

ദൈവജനം അവതരിപ്പിക്കുമ്പോൾ, അവർ അവരുടെ “അഭിവൃദ്ധി[33] ... എല്ലാവർക്കും വെളിവാക്കി തീർക്കുന്നു.” ഈ വാക്കിന്റെ ക്രിയാരൂപത്തിന്റെ അർത്ഥം “അടിച്ചു നീട്ടൽ” എന്നാണെന്നു മനസ്സിലാക്കുന്നത് രസകരമാണ്. പൗലൊസിനു തന്റെ ശരീരത്തെ ദണ്ഡിപ്പിക്കേണ്ടി വന്നു (1 കൊരിന്ത്യർ 9:27). “കണ്ടു പിടിത്തങ്ങൾ [നേട്ടങ്ങൾ] ഉണ്ടാകുന്നതു ശ്വസിക്കുന്നതിലധികം വിയർപ്പൊഴുക്കലിലൂടെയാണ്” എന്ന തോമസ് എഡിസണിന്റെ നിരീക്ഷണം ശരിയാണെന്നു തോന്നുന്നു. ആരംഭ ചിന്തയ്ക്കുണ്ടാകുന്ന വേദനയേക്കാൾ കഠിന വേദന മറ്റൊന്നില്ല എന്നു വേറൊ

രാൾ പറഞ്ഞിരിക്കുന്നു. വസ്തുത എന്തെന്നാൽ, പുരോഗതി വ്യക്തമാകേണ്ടതിന് വാസ്തവത്തിലുള്ള ഉത്സാഹവും സമർപ്പണവും ആവശ്യമാണ്.

അതിലുപരി, തന്റെ പുരോഗതി ഈ സന്ദർഭത്തിൽ ദൈവശ്വാസിയമായി നല്കിയ രൂപവുമായി ബന്ധപ്പെട്ടിരിക്കുന്നു എന്നതു ഒരാൾ തീർച്ചയാക്കണം. പൊതുവായി ബന്ധിപ്പിക്കുന്ന ഏണിയുടെ കൃത്രിമ – മായനേട്ടത്തിൽ നമുക്കു ആശ്രയിക്കുവാൻ സാധ്യമല്ല. ജീവിതത്തെ മാറ്റുവാൻ കഴിയുന്ന സത്യത്തിനു പകരം കാതിനെ ഇക്കിളിപ്പെടുത്തുന്ന ആശയങ്ങൾ അവതരിപ്പിച്ചുകൊണ്ട് നാം പ്രസിദ്ധി അന്വേഷിക്കരുത് (നോക്കുക 2 തിമൊഥെയൊസ് 4:1–5; റോമർ 12:1, 2).

സുവിശേഷകന്റെ പുരോഗതിയിൽ അവന്റെ വ്യക്തിത്വവും പ്രസംഗവും ദൈവവും ആളുകളും പരിശോധിക്കും. വാക്യം 16-ൽ പൗലൊസ് തിമൊഥെയൊസിനോടു പറയുന്നു, "നിന്നെത്തന്നെയും ഉപദേശത്തെയും സൂക്ഷിച്ചുകൊൾക." ഈ സേവനം ശ്രദ്ധയോടെ നിരീക്ഷിക്കേണ്ടത് അതിൽ ചുമത്തപ്പെട്ടിരിക്കുന്ന മഹത്തായ ഉദ്ദേശം കാരണമാണ് – അത് "രക്ഷ ഉറപ്പാക്കുന്നതിന്"[34] വേണ്ടിയാണ്.

ഒരു തികഞ്ഞ നിയമത്തിൽ നിന്നുള്ള ഒരു വാസ്തവത്തിലുള്ള പദ്ധതി ഇതാ. പൗലൊസിന്റെ ദൈവശ്വാസിയ നിർദ്ദേശം പിൻപറ്റുന്നതിലൂടെ, അയാൾക്കും അയാളുടെ പ്രസംഗം കേൾക്കുന്നവർക്കും[35] "രക്ഷ ഉറപ്പാക്കുവാൻ" കഴിയും.

**ചുരുക്കത്തിൽ**

ചുരുക്കത്തിൽ, അദ്ധ്യായം 2 മുതൽ ഇതുവരെ, പൗലൊസ് നമ്മോടു പങ്കു വെച്ചത് ഇതാണ്:

സകല മനുഷ്യരും സത്യത്തിന്റെ പരിജ്ഞാനത്തിൽ എത്തുവാനും രക്ഷ പ്രാപിപ്പാനും, ആഗ്രഹിക്കുന്ന ദൈവം (2:4), അതു സാധ്യമാക്കേണ്ടതിനു തന്റെ പദ്ധതി വെളിപ്പെടുത്തി. അത് നേടേണ്ടത് പ്രാർത്ഥിക്കുന്ന ആളുകളാലാണ് (2:1–5) സ്ത്രീകളും പുരുഷന്മാരും എങ്ങനെ പെരുമാറണം എന്ന് പൗലൊസ് തിമൊഥെയൊസിന് നിർദ്ദേശിച്ചതനുസരിച്ച് അവർ അദ്ധ്യക്ഷന്മാരാകുവാൻ തയ്യാറാകണം (3:1–15).

ഈ ആത്മാക്കൾക്കു മറ്റുള്ളവരെ വഴിതെറ്റിക്കുവാനുള്ള പിശാചിന്റെ പരിശ്രമങ്ങൾക്കതീതമായി പ്രവർത്തിക്കുവാൻ കഴിയും (4:1–5) കാരണം ദൈവശ്വാസിയ നിർദ്ദേശങ്ങളും അപ്പൊസ്തോലിക മാതൃക ലഭിച്ചതിനാലുമാണ് (4:6–11).

സുവിശേഷകന്മാർ തങ്ങളുടെ സ്വഭാവം, നടപ്പു, വിചാരം, വിശുദ്ധീകരണം എന്നിവയോടുകൂടി ദൈവവചനം അറിയിച്ചാൽ പാപിയേയും പ്രാസംഗികനേയും ഒരുപോലെ രക്ഷിക്കും എന്നത് മുഖ്യ കാര്യമാണ് (4:12–16).

സുവിശേഷം വ്യാപിപ്പിക്കുക എന്ന ദൈവത്തിന്റെ പദ്ധതി ഒന്നാം നൂറ്റാണ്ടിൽ നടപ്പാക്കി (കൊലൊസ്യർ 1:23; പ്രവൃത്തികൾ 19:10; 20:18–32), ദൈവ ദാസന്മാർ ഈ മേന്മയുള്ളതും മഹത്വകരമായതുമായ തത്വങ്ങൾ പ്രാവർത്തികമാക്കിയാൽ അത് *ഏതൊരു നൂറ്റാണ്ടിലും* എവിടെയും ഒരു

പോലെ ഫലപ്രദമായിരിക്കും!

---

കുറിപ്പുകൾ

[1]"വീണു പോകും" (ഗ്രീക്ക്.: *അപ്പൊസ്തസോൺടായി*) എന്നതു ഫ്യൂച്ചർ, ഇൻഡിക്കേറ്റിവ്, മിഡിൽ ആണ്. അവർ തങ്ങളോടു തന്നെ ചെയ്തു എന്നാണ് മദ്ധ്യശബ്ദം സൂചിപ്പിക്കുന്നത്. ഈ വീണു പോകൽ ഏതു കാൽവനിസ്റ്റ് സിദ്ധാന്തത്തിനും എതിരാണ് കാരണം അവർക്ക് ആ ആശയത്തിൽ അവരുടെ താല്പര്യത്തിന് കാര്യമില്ല. എല്ലാവർക്കും മനസ്സുണ്ട്; ഖേദകരമെന്നു പറയട്ടെ, ചിലർ അതിനെ വിശ്വാസത്തിൽ നിന്നു വീണു പോകുവാൻ ഉപയോഗിക്കും! [2]*അഫിസ്റ്റെമി* എന്ന ഗ്രീക്കു വാക്കിൽ നിന്നാണ് "വീണു പോകുക" എന്ന വാക്ക് ലഭിച്ചത്, അതിനർത്ഥം "നില്ക്കാതിരിക്കുക, പിൻതിരിയുവാൻ കാരണമാകുക, ദൂരെ പോകുക ... വിശ്വാസമില്ലാതാകുക ..." (സി. ജി. വിൽക്കേ ആന്റ് വിലി ബാൾഡ് ഗ്രിം, *ഏ ഗ്രീക്ക് - ഇംഗ്ലീഷ് ലെക്സിക്കൺ ഓഫ് ദ ന്യൂ ടെസ്റ്റമെന്റ്*, ട്രാൻസ്. ആന്റ് റെവ. ജോസഫ് എച്ച്. തേയർ [എഡിൻബറോ, സ്കോട്ട്ലാന്റ്: റ്റി. & റ്റി. ക്ലാർക്ക്, 1901; റീപ്രിന്റ് എഡി., ഗ്രാന്റ് റാപ്പിഡ്സ്, മൈക്ക്.: ബേക്കർ ബുക്ക് ഹൗസ്, 1977], 89). [3]വഞ്ചിക്കുന്ന (ഗ്രീക്ക്.: *പ്ലാനോസ്*) - "... അലയുന്ന, ചുറ്റിത്തിരിയുന്ന ... തെറ്റായി നയിക്കുന്ന, തെറ്റിലേക്കു നയിക്കുന്ന ... [കൂടാതെ ഒരു നാമമായി, അതു സൂചിപ്പിക്കുന്നതു] ഒരു സ്ഥിരവാസമില്ലാത്തവൻ, തെണ്ടി നടക്കുന്ന, ആൾമാറാട്ടക്കാരൻ ... ഒരു മലിനപ്പെടുത്തുന്നവൻ, വഞ്ചകൻ" (തേയർ, 515). [4]ഭൂതം (ഗ്രീക്ക്.: *ഡെയിമോണിയോൺ*) - "... ജീനിയസ് ... പിശാചു, ഒരു അശുദ്ധാത്മാവു ... ഈ ആത്മാക്കൾ വീണു പോയ ദൂതന്മാരെ പ്രതിനിധീകരിക്കുന്നു, 2 പത്രൊസ് 2:4; യൂദാ 6; ഇപ്പോൾ സാത്താനു അവർ കീഴ്പ്പെട്ടിരിക്കുന്നു ... അവർക്കു അത്ഭുതങ്ങൾ ചെയ്യുവാനുള്ള കഴിവുണ്ടായിരുന്നു, എന്നാൽ നന്മക്കായിട്ടല്ല താനും ... ഉന്മാദത്താൽ പിച്ചും പേയും പറയുന്നത്, മത്തായി 8:28; മർക്കൊസ് 5:2; ... ലൂക്കൊസ് 8:27" (എഡ്വേർഡ് റോബിൻസൺ, *ഏ ഗ്രീക്ക് & ഇംഗ്ലീഷ് ലെക്സിക്കൺ ഓഫ് ദ ന്യൂ ടെസ്റ്റമെന്റ്* [ന്യൂയോർക്ക്: ഹാർപ്പർ & ബ്രദേഴ്സ്, 1863], 155–56). [5]ഭോജ്യങ്ങൾ (ഗ്രീക്ക്.: *ബ്രോമാ*) - "... കഴിക്കാവുന്നവ, ആഹാരം, മുതലായവ. കട്ടിയായ ആഹാരം [വിപരീതമായത്] പാൽ, 1 കൊരി. 3:2 ... മോശെയുടെ ന്യായപ്രമാണത്തിൽ അനുവദിച്ചിട്ടുള്ള മാംസഭക്ഷണം, എബ്രായർ 9:10; 13:9. കൂടാതെ, യെഹൂദ ക്രിസ്ത്യാനികൾ ഭക്ഷിക്കുവാൻ ശങ്കിക്കുന്ന ഭക്ഷണം, റോമർ 14:15 ... 20; 1 കൊരി. 8:13" (റോബിൻസൺ, 133). [6]വില്യം ബാർക്ക്ലേ, *ദ ലെറ്റേഴ്സ് ടു തിമൊഥി, ടൈറ്റസ് ആന്റ് ഫിലേമോൻ*, ദ ഡെയിലി സ്റ്റഡി ബൈബിൾ സീരീസ്, റെവ. എഡി. (ഫിലദെൽഫിയ: വെസ്റ്റ്മിൻസ്റ്റർ പ്രെസ്, 1960), 108–9. [7]ഇബിഡ്., 108. [8]വെക്കുക (ഗ്രീക്ക്.: *ഹുപോറ്റിത്തെമി*) - "വെക്കുക അല്ലെങ്കിൽ കീഴിൽ വെക്കുക, കീഴെ ഇടുക ... താങ്ങുക ... ഒരാളുടെ കഴുത്തു വാക്കിൻ കീഴിൽ വെക്കുക ... ഒരാളുടെ ജീവിതം ആപത്തിലാക്കുക ... ആരുടെയും മനസ്സിനെ കീഴ്പ്പെടുത്തുക, നിർദ്ദേശിക്കുക, ഉപദേഷ്ടാവായി, ഒരാളുടെ മനസ്സിൽ വെക്കുക" (റോബിൻസൺ, 752). [9]റസൽ ബ്രാഡ്ലി ജോൺസ്, *ദ എപ്പിസ്തൽസ് ടു തിമൊഥി* (ഗ്രാന്റ് റാപ്പിഡ്സ്, മൈക്ക്.: ബേക്കർ ബുക്ക് ഹൗസ്, 1960), 34–35. [10]വില്യം ഹെൻഡ്രിക്സൺ, *ഏ കമെന്ററി*

*ഓൺ 1 ഉം 2 ഉം തിമൊഥെയൊസും തിത്തൊസും* (ലണ്ടൻ: ദ ബാനർ ഓഫ് ട്രൂത്ത് ട്രസ്റ്റ്, 1964), 149.

[11]പോഷിപ്പിക്കുക (ഗ്രീക്ക്.: *എൻട്രേഫോ*) – "അഭ്യസിപ്പിക്കുക; മനസ്സിനെ രൂപപ്പെടുത്തുക" (തേയർ, 219). [12]പിൻപറ്റുക (ഗ്രീക്ക്.: *പാരെക്കോലത്ത്കസ്*, എന്നത് *പാരക്കൊലത്തിയോ* എന്നതിന്റെ പെർഫെക്റ്റ്, ഇൻഡിക്കേറ്റിവ്, സെക്കന്റ് പേഴ്സൺ സിംഗുലർ ആണ്) – "... അടുത്തു പിൻപറ്റുക, അനുഗമിക്കുക ... ഒരാൾ പോകുന്നിടത്തൊക്കെയും അവനെ ശ്രദ്ധിക്കുവാനും ... മനസ്സിലാക്കുവാനും ... അതിന്റെ പാത കാണുവാനും, ശരിയായി പരിശോധിക്കുവാനും, നിരീക്ഷിക്കുവാനും ... ഒരാളുടെ വ്യക്തിത്വത്തെ ഉറപ്പിക്കുന്നതിനും" (തേയർ, 484). [13]ഭക്തിവിരുദ്ധമായ (ഗ്രീക്ക്.: *ബെബെലോസ്*) – "... പൊതുവായ, ശുദ്ധീകരിക്കപ്പെടാത്ത സ്ഥലങ്ങൾ ... അവിശുദ്ധമായ" (റോബിൻസൺ, 125). [14]കിഴവിക്കഥ (ഗ്രീക്ക്.: *മുത്തോസ്*) – "ഇതിഹാസം, കെട്ടുകഥ, ഇതിഹാസം. നോക്കുക 1 തിമൊ. 1:4; 2 തിമൊ. 4:4; തിത്തൊ. 1:14" (റോബിൻസൺ, 462). [15]വില്യം ഹെൻഡ്രിക്സൺ, *ഏ കമെന്ററി ഓൺ 1 ഉം 2 ഉം തിമൊഥിയും ടൈറ്റസും* (ലണ്ടൻ: ദ ബാനെർ ഓഫ് ട്രൂത്ത് ട്രസ്റ്റ്, 1964), 150. [16]പ്രായമായ സ്ത്രീകളാൽ, യുവസുവിശേഷകന്മാർ മൂന്നു വിധത്തിൽ വ്യണമേല്ക്കുവാൻ സാധ്യതയുണ്ട്: (1) അവൻ അവരുടെ ആചാരങ്ങളെ ദൈവവചനം പോലെയാണെന്ന വിധത്തിൽ കേൾക്കും, അതിനു കാരണം അവർ പ്രായമുള്ളവരും ബുദ്ധിയുള്ളവരുമാണെന്നു കരുതിയാണ് (അവർ ഒരുപക്ഷെ മറിച്ചായിരിക്കുമ്പോൾ). ഒരു യുവാവായ ഉപദേഷ്ടാവിനോടു ഒരു പ്രായമായ സ്ത്രീ പറഞ്ഞു "പ്രാർത്ഥിച്ച് അവസാനിപ്പിക്കുന്നതിനു" പകരം പാട്ടു പാടിയാൽ മതി എന്നാണ്. (2) അയാൾ അവരുടെ അഭിനന്ദനങ്ങളെ ശ്രദ്ധിച്ചേക്കാം ("നിങ്ങൾ എന്തു നല്ല പ്രാസംഗികൻ – വളരെ ചെറുപ്പവും!") അയാൾ സുവിശേഷ ശ്രേഷ്ഠതയിൽ എത്തുന്നതുവരെ അവരെ ശ്രദ്ധിച്ചേക്കാം. യേശുവാണ് അടിസ്ഥാനം എന്ന കാര്യം ഉപദേഷ്ടാവു മറക്കരുത്, അവനാണ് നമ്മുടെ ആത്മിയതയുടെ അളവുകോൽ (2 കൊരിന്ത്യർ 13:5). (3) പഴയ കാര്യങ്ങൾ ഓർക്കുന്ന പ്രായമായ സ്ത്രീകളുമായി അവൻ ധാരാളം സമയം ചെലവിട്ട്, മറ്റു പ്രധാന ജോലികൾ ചെയ്യാതെ വന്നേക്കാം. പ്രായമായ വിധവമാർക്കു സമയവും ശ്രദ്ധയും നൽകുന്ന ഉപദേഷ്ടാവ് അവരുടെ കണ്ണിൽ നല്ലവനായിരിക്കാം, എന്നാൽ അവരുടെ പ്രായവും നടപ്പും മന്ദഗതിയിലായിരിക്കും, *അതു ഉപദേഷ്ടാക്കന്മാരുടെ ഗതിയാകരുത്*! പ്രായമായവരെ അവഗണിക്കാതിരിക്കയും (1 തിമൊഥെയൊസ് 5:1, 2) തന്റേതായ പഠനത്തിനും സേവനത്തിനും മുടക്കം വരുത്താതിരിക്കയും വേണം. [17]അഭ്യസിക്ക (ഗ്രീക്ക്.: *ഗുംനാസോ*) – "... ഗൗരവമായി അഭ്യസിക്ക, ഏതു വിധേനയും, ഒന്നുകിൽ ശരീരം അല്ലെങ്കിൽ മനസ്സ് ... ദൈവഭക്തിയിൽ ജീവിപ്പാൻ താല്പര്യത്തോടെ പോരാടുന്ന ഒരാളുടെ" (തേയർ, 122). [18]അദ്ധ്വാനം (ഗ്രീക്ക്.: *കോപിയാവോ*) – "... മടുത്തു പോകുക, ക്ഷീണിക്കുക, തളരുക [ജോലി ഭാരത്താൽ അല്ലെങ്കിൽ ദുഃഖത്താലോ വിഷമത്താലോ] ... ദൈവരാജ്യത്തേയും ക്രിസ്തുവിനേയും പ്രഖ്യാപിക്കയും വളർത്തുകയും ചെയ്യുന്ന ഉപദേഷ്ടാക്കളുടെ കഠിനാദ്ധ്വാനത്താൽ" (തേയർ, 355). [19]പോരാടുക (ഗ്രീക്ക്.: *ആഗണിസൊമായി*) – "... ജിംനാസ്റ്റിക് ഗെയിംസിൽ മത്സരിക്കുക ... സുവിശേഷത്തിനെതിരായ വിഷമസന്ധികളും ആപത്തുകളും നേരിടുക ... എരിവോടെ പരിശ്രമിക്കുക, എന്തെങ്കിലും നേടുവാൻ പോരാടുക" (തേയർ, 10). [20]വിശ്വസിക്കാത്ത ചിലരെ ദൈവം

രക്ഷിക്കുമെന്നു ഇതിനർത്ഥമാക്കരുത് (നോക്കുക എബ്രായർ 11:6). "പ്രത്യേകിച്ചു വിശ്വാസികളുടെ" എന്ന് അതുല്യമായി പൗലൊസ് പ്രയോഗിച്ചതിന് മൂന്നു വിവരണങ്ങൾ ഉണ്ട്. ആദ്യമായി, ചിലർ വിശ്വസിച്ചിട്ടില്ലെങ്കിലും പിന്നീടു പഠിക്കുമ്പോൾ വിശ്വസിക്കുമെന്ന വസ്തുതയായിരിക്കാം പൗലൊസ് സൂചിപ്പിച്ചത് (നോക്കുക യോഹന്നാൻ 9:35, 36; ലൂക്കൊസ് 23:34 പ്രവൃത്തികൾ 2:36–41 മായി താരതമ്യം ചെയ്യുക). രണ്ടാമതായി, ഹെൻഡ്രിക്സൺ പറഞ്ഞ ഒരു വിശദീകരണം നാം പരിഗണിക്കണം. അയാൾ പറഞ്ഞതു ദൈവം രക്ഷകനായി (ഗ്രീക്ക്.: *സോട്ടെർ*) പല വിധത്തിൽ മനുഷ്യരെ തീർച്ചയായും രക്ഷിച്ചു അല്ലെങ്കിൽ വിടുവിച്ചു (പാപത്തിൽ നിന്നും ഒഴിച്ചു). അവൻ യിസ്രായേലിനെ അടിമത്വത്തിൽ നിന്നു വിടുവിച്ചു, എന്നാൽ അടിമത്വത്തിൽ നിന്നു രക്ഷപ്പെട്ട എല്ലാവർക്കും വാഗ്ദത്ത ദേശത്തു പ്രവേശിക്കുവാൻ കഴിഞ്ഞില്ല (1 കൊരിന്ത്യർ 10:5; എബ്രായർ 3:7–4:8). അവിശ്വാസം നിമിത്തം ചിലർക്കു പ്രവേശിപ്പാൻ കഴിഞ്ഞില്ല. അതുകൊണ്ടു ഒരാൾ പാപത്തിൽ നിന്നു രക്ഷപ്പെട്ടേക്കാം (മർക്കൊസ് 16:15, 16; പ്രവൃത്തികൾ 2:38–47), എന്നാൽ പിന്നീടു വീണു പോകയും അവസാന നാൾ രക്ഷപ്പെടാതിരിക്കയും ചെയ്തേക്കാം (നോക്കുക എബ്രായർ 6:4–6; 10:23–31). ലോകത്തെ ജയിക്കുന്ന വിശ്വാസമാണ് ഒരാൾ സൂക്ഷിക്കേണ്ടത് (1 യോഹന്നാൻ 5:4; വെളിപ്പാട് 2:10). അതുകൊണ്ടു, ഈ കാഴ്ച്ചപ്പാടിന്റെ ഊന്നൽ എന്തെന്നാൽ ദൈവത്തിനു പല വിധത്തിൽ മനുഷ്യരെ രക്ഷിക്കുവാൻ കഴിയും, എന്നാൽ വിശ്വാസികളെ നിത്യമായി രക്ഷിക്കുക എന്നതാണ് അവന്റെ മഹനീയമായ പ്രവൃത്തി (നോക്കുക എബ്രായർ 7:25; 5:8, 9). മൂന്നാമതായി, ഗ്രീക്ക് പ്രയോഗം ശ്രദ്ധിക്കുക. നമുക്കു ഇവിടെ തെറ്റിദ്ധാരണയുണ്ടായതു ഇംഗ്ലീഷ് തർജ്ജിമയാകാം. ആംണ്ട് ആന്റ് ജിംജ്റിച്ച് "സ്പെഷ്യലി" അല്ലെങ്കിൽ "എസ്പെഷ്യലി" (ഗ്രീക്ക്.: *മലിസ്ടാ*) എന്നതിനെ നിർവ്വചിച്ചതിന് ചില സ്ഥലങ്ങളിൽ "പർട്ടിക്കുലർലി," എന്നും അർത്ഥം വരുന്നുണ്ട്, "ഒരു ചോദ്യത്തിനു മറുപടിയായി: 'ഏറ്റവും ഉറപ്പോടെ, തീർച്ചയായും'" എന്നും ചേർത്തിരിക്കുന്നു (വാൾട്ടർ ബാവെർ, *ഏ ഗ്രീക്ക് – ഇംഗ്ലീഷ് ലെക്സിക്കൺ ഓഫ് ദ ന്യൂ ടെസ്റ്റമെന്റ് ആന്റ് അതർ ഏർലി ക്രിസ്റ്റ്യൻ ലിറ്ററേച്ചർ*, 2d എഡി., റെവ. വില്യം എഫ്. ആംണ്ട് ആന്റ് എഫ്. വിൽബർ ജിംജ്റിച്ച് [ഷിക്കാഗോ: യൂണിവേഴ്സിറ്റി ഓഫ് ഷിക്കാഗോ പ്രെസ്, 1957], 490). അതുമായി യോജിക്കുന്ന ചില വേദഭാഗങ്ങളാണ് പ്രവൃത്തികൾ 26:3; 20:38; 1 തിമൊഥെയൊസ് 5:17; ഫിലേമോൻ 16. നാം അതു നിർവ്വചിച്ചാൽ, ഗ്രീക്ക് പദപ്രയോഗം (*മലിസ്റ്റാ പിസ്റ്റൺ*) രക്ഷിക്കപ്പെടുന്നവരെ പ്രഖ്യാപിക്കുന്നതു "തീർച്ചയായും വിശ്വാസികൾ," അല്ലെങ്കിൽ "ഏറ്റവും ഉറപ്പുള്ള വിശ്വാസികൾ," എന്നോ അല്ലെങ്കിൽ "പ്രത്യേകമായ വിശ്വാസികൾ" എന്നോ ആയിരിക്കും (അല്ലെങ്കിൽ പ്രത്യേകിച്ചു, ഞാൻ അർത്ഥമാക്കുന്ന വിശ്വാസികൾ ആണ്). എല്ലാ ആളുകളിലും വെച്ചു, ദൈവം രക്ഷിക്കുന്നതു ഇവരെയാണ്. അതു തീർച്ചയായും ബൈബിൾ വസ്തുതകളുമായി യോജിക്കുന്നു. ഈ മൂന്നു കാഴ്ച്ചപ്പാടിൽ നിന്നു, വിശ്വസിക്കാത്തവരെ ആരെയും ദൈവം തന്റെ നിത്യപദ്ധതിയാൽ രക്ഷിക്കുമെന്നു ആർക്കും തീരുമാനിക്കുവാൻ കഴിയുകയില്ല. ആ ആശയം എബ്രായർ 11:6, 5:8, 9 അല്ലെങ്കിൽ യോഹന്നാൻ 8:24 എന്നിവയെ എതിർക്കുന്നു.

[21]നിന്ദിക്കുക (ഗ്രീക്ക്.: *കാറ്റാഫ്രോണെയിറ്റോ*, *കാറ്റാഫ്രോണെയോ*യുടെ പ്രെസെന്റ്, ഇംപെരേറ്റിവ്) – "... തരം താഴ്ത്തി കാണുക, നിന്ദിക്കുക, പുഛിക്കുക, അവജ്ഞയോടെ കാണുക ... നിസ്സാരമായി വിചാരിക്കുക, തെറ്റായ ആശ

യത്തിലായിരിക്കുക ... എന്തിനെയെങ്കിലും കുറിച്ചു ..." (ആംണ്ട് ആന്റ് ജിംജ്റിച്ച്, 421). [22]തിമൊഥെയൊസിനു 34-നും 39-നും ഇടയ്ക്കു പ്രായം വരും എന്നാണ് ഹെൻഡ്രിക്സൺ കണക്കാക്കിയത്, അതിനോടൊപ്പം ഐറേനിയസ് സൂചിപ്പിച്ചത് ജീവിതത്തിന്റെ ആദ്യഭാഗം (യുവത്വം) 30 വർഷമാണ് അതു 40 വരെ നീണ്ടു പോകയുമാകാം (ഹെൻഡ്രിക്സൺ, 157; ഐറേനിയസ് *എഗെൻസ്റ്റ് ഹെറെസിസ്* 2.22). [23]"മാതൃക" എന്നതിന്റെ ഗ്രീക്ക് *ടുപോസ്* എന്നാണ്, "... ദൃശ്യമായ പതിപ്പ് ... അടയാളം, പകർപ്പ്. ... കോപ്പി, പ്രതിരൂപം, രൂപം ... ഉപദേശ മാതൃക ... മോഡൽ ... ധാർമ്മിക ജീവിതത്തിൽ, മാതൃക, രൂപം" [ആംണ്ട് ആന്റ് ജിംജ് റിച്ച്, 837-38]). ഒരു യുവ സുവിശേഷകൻ ചില ആളുകൾക്ക് ഇവയിൽ പലതും ആയിരിക്കും അനേകർക്കു അത്തരത്തിലാകുക എന്നതു ഗൗരവമുള്ള വെല്ലുവിളിയാണ്. [24]നടപ്പ് (ഗ്രീക്ക്.: *അനാസ്ട്രോഫേ*) - നമ്മുടെ "എല്ലാ നടപ്പിലും നാം വിശുദ്ധരാകണം, 1 പത്രൊസ് 1:15" (ആംണ്ട് ആന്റ് ജിംജ്റിച്ച്, 61). [25]സ്നേഹം (ഗ്രീക്ക്.: *അഗാപ്പെ*) - "... ബന്ധം, നല്ല മനസ്സ് ... ധർമ്മോപകാരം ... ദൈവത്തോടുള്ള മനുഷ്യരുടെ സ്നേഹം ... മനുഷ്യരോടുള്ള ദൈവത്തിന്റെ സ്നേഹം ... ക്രിസ്തുവിനോടുള്ള ദൈവത്തിന്റെ സ്നേഹം ... മനുഷ്യരോടുള്ള ക്രിസ്തുവിന്റെ സ്നേഹം" (തേയർ, 4). [26]വിശുദ്ധി (ഗ്രീക്ക്.: *ഹാഗ്നേയിയ*) - "ജീവിതത്തിൽ പാപം ഇല്ലായ്മ" [തേയർ, 7]; "... ശുദ്ധ മനസ്സ് ... വിശുദ്ധി ... എല്ലാം കൊണ്ടും ... യുവാവിന്റെ ആദ്യ കടമയായി ... വിശുദ്ധമായി നിലനില്ക്കുക" [ആംണ്ട് ആന്റ് ജിംജ് റിച്ച്ഡ]). [27]വായന (ഗ്രീക്ക്.: *അനാജ്ജിനോസ്ക്കോ*) - "... കൃത്യമായി അറിയുക, കൃത്യമായി ... വീണ്ടും അറിയുക, തിരിച്ചറിയുക ... അറിയുകയും കൃത്യമായി വേർതിരിച്ചറിയുകയും ചെയ്യുക ... വായനയാൽ അറിയുക" (റോബിൻസൺ, 43). [28]പ്രബോധനം (ഗ്രീക്ക്.: *പ്യാരാകലയോ*) - "ഒരാളുടെ ഒരു ഭാഗത്തേക്കു വിളിക്കുക, ആശ്വസിപ്പിക്കുക, സമാശ്വസിപ്പിക്കുക യാചിക്കുക, അഭ്യർത്ഥിക്കുക, പ്രോത്സാഹിപ്പിക്കുക, നിർദ്ദേശിക്കുക, ഉദ്ബോധിപ്പിക്കുക" (തേയർ, 482-83). [29]ഉപദേഷ്ടാവു (ഗ്രീക്ക്.: *ഡിഡാസ്ക്കലോസ്*) - "പഠിപ്പിക്കുവാൻ യോജിച്ചവൻ" (തേയർ, 144); "നിർദ്ദേശകൻ, അദ്ധ്യാപകൻ" (റോബിൻസൺ, 178). [30]ശ്രദ്ധിച്ചുകൊൾക (ഗ്രീക്ക്.: *പ്രോസെക്കേ*, പ്രോസെക്കോയുടെ, പ്രെസന്റ് ഇംപെരേറ്റിവ്) - "... അടുപ്പിക്കുക ... മനസ്സിനെ ... ശ്രദ്ധയിലേക്കു തിരിക്കുക, ശ്രദ്ധിക്കുക ... കേൾക്കുക, ... ഒരാളുടെ വ്യക്തിത്വത്തെ കാത്തുകൊൾക, അതായതു സൂക്ഷിക്കുക. ഒരാൾ തന്നിൽ തന്നെ പ്രയോഗിക്കുക. ഒരാളുടെ ജീവിതത്തെ ബന്ധിപ്പിക്കുക, പിടിച്ചുകൊൾക അല്ലെങ്കിൽ ഒരു വ്യക്തിയോടോ വസ്തുവിനോടോ പറ്റിച്ചേരുക ... നല്കുക അല്ലെങ്കിൽ അടിമയാക്കുക ... ചിന്തയിലേക്കും പരിശ്രമത്തിലേക്കുമായി തുനിയുക" (തേയർ, 546).

[31]ഉപേക്ഷ (ഗ്രീക്ക്.: *തമേലയോ*) - "... അശ്രദ്ധനായിരിക്കുക, കേൾക്കാതിരിക്കുക ... ശ്രദ്ധിക്കാതിരിക്കുക, അവഗണിക്കുക" (റോബിൻസൺ, 36). [32]ഉത്സാഹിക്കുക (ഗ്രീക്ക്.: *മെലേറ്റാവോ*) - "... ശ്രദ്ധിക്കുക, എന്തും ശ്രദ്ധിക്കുക, അതായതു അതുകൊണ്ട് അങ്ങനെ ചെയ്യുവാൻ കഴിയുന്ന" (റോബിൻസൺ, 449); "... വേദനയോടെ, വളർത്തിയെടുക്കുക ... ചിന്തിക്കുകയും, ധ്യാനിക്കുകയും ചെയ്യുക" (ആംണ്ട് ആന്റ് ജിംജ് റിച്ച്, 501). [33]പുരോഗതി (ഗ്രീക്ക്.: *പ്രോകോപേ, പ്രോകോപ്റ്റോ* (തേയർ, 540) - "... മുൻപോട്ടു ഗമിക്കൽ ... മുന്നേറ്റം, കൂടുതൽ മുന്നേറുക" (റോബിൻസൺ, 621). [34]രക്ഷിക്കുക (ഗ്രീക്ക്.: *സോസോ*) -

"... വിടുവിക്കുക ആപത്തിൽ നിന്നു മോചിക്കുക, നഷ്ടത്തിൽ നിന്നും, നാശ ത്തിൽ നിന്നും വിടുവിക്കുക ... രോഗികളെ ... മരണത്തിൽ നിന്നു രക്ഷിക്കു കയും സുഖപ്പെടുത്തുകയും ചെയ്യുക, ആരോഗ്യം പുനഃസ്ഥാപിക്കുക ... നിത്യ മരണത്തിൽ നിന്നുള്ള രക്ഷ, പാപത്തിന്റെ അനന്തര ഫലമായ ശിക്ഷയിൽ നിന്നും വേദനയിൽ നിന്നു, രക്ഷിക്കുകയും, നിത്യജീവൻ നല്കുകയും ചെയ്യു ക" (റോബിൻസൺ, 704). [35]ഇവിടെ കേൾക്കുന്നവനെ സംബന്ധിച്ചാണ് ഒരു മുഖ്യ പോയിന്റ് നല്കിയിട്ടുള്ളത്. "കേൾക്കുക" എന്ന വാക്ക് ശ്രദ്ധിക്കുക (ഗ്രീക്ക്.: *അക്കൗവോ*) എന്നതു ആരാധനയിലോ അല്ലെങ്കിൽ "ഭവന ബൈബിൾ പഠനത്തിലോ" പങ്കെടുക്കുന്നതിലധികം ഉൾപ്പെടുന്നു. ആ വാക്കിന്റെ അർത്ഥം "ശ്രദ്ധിക്കുക ... അതു പരിഗണിക്കുക അല്ലെങ്കിൽ പറഞ്ഞത് ... പറഞ്ഞ അർത്ഥ ത്തിൽ, മനസ്സിലാക്കുവാൻ ... പഠിക്കുക ... അപ്പൊസ്തലിക ഉപദേശത്താൽ ക്രിസ്തുവുമായി ബന്ധപ്പെടുക, എഫെസ്യർ 4:21 ... മറ്റൊരാൾക്കു ചെവി കൊടു ക്കുക, ശ്രദ്ധിക്കുക, കേൾക്കുക ... സമ്മതിച്ചു കൊടുക്കൽ, കേൾക്കുകയും അനുസരിക്കുകയും ചെയ്യുക" (തേയർ, 23). അപ്രകാരം ഒരാൾ സത്യം കേൾക്കു മ്പോൾ കേട്ടതു അനുസരിക്കുകയും രക്ഷ പ്രാപിക്കയും ചെയ്യും (നോക്കുക മത്തായി 7:21-27; യാക്കൊബ് 1:21-25).